പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: **2493**

**18.06.2014** ൽ മറുപടിക്ക്

**<u>ഐ.എച്ച്. ആർ. ഡി. യുടെ കോളേജിന് പി.ഐ.പി.യുടെ ഭൂമി ലഭ്യമാക്കാൻ നടപടി</u>**

| <u>ചോദ്യം</u><br>ശ്രീ. രാജു എബ്രഹാം | <u>മറുപടി</u><br>ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവവകുപ്പ് മന്ത്രി) |
|---|---|
| (എ) റാന്നി അയിരൂരിൽ പി. ഐ. പി യുടെ ഉപയോഗിക്കാതെയുള്ള എത്ര ഭൂമിയാണ് ഉള്ളത്; ഈ ഭൂമി അയിരൂരിൽ ആരംഭിക്കുന്ന ഐ. എച്ച്. ആർ.ഡി യുടെ അപ്ലൈഡ് & സയൻസ് കോളേജിനായി വിട്ടു നൽകണമെന്നാവശ്യപ്പെട്ട് റാന്നി എം. എൽ.എ എന്നാണ് ജലവിഭവ മന്ത്രിക്ക് കത്തു നൽകിയത്; | (എ) റാന്നി അയിരൂർ വില്ലേജിൽ വേലംപടിക്ക് സമീപം ഉപയോഗിക്കാതെ കിടക്കുന്ന പി.ഐ.പി. വക ഏകദേശം 75 സെന്റ് സ്ഥലമാണുള്ളത്. ഈ ഭൂമി അയിരൂരിൽ ആരംഭിക്കുന്ന ഐഎച്ച്.ആർ.ഡി. യുടെ അപ്ലൈഡ് & സയൻസ് കോളേജിനായി വിട്ട് നൽകണമെന്നാവശ്യപ്പെട്ട് റാന്നി എം.എൽ.എ 06-07-2012 നാണ് ബഹു. ജലവിഭവ വകുപ്പ് മന്ത്രിയ്ക്ക് കത്തു നൽകിയത്. |
| (ബി) ഇതനുസരിച്ച് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ;<br>(സി) പ്രസ്തുത ഫയലിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണ്; ഏതു തലത്തിലാണ് പ്രസ്തുത ഫയലുള്ളത്; ഇതിൻമേൽ എന്തു തീരുമാനമാണ് ജലവിഭവവകുപ്പ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;<br>(ഡി) സ്ഥലം കൈമാറ്റം സർക്കാർ ഉത്തരവായി ഇറക്കുന്നതിന് ഇനിയും എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുള്ളതെന്ന് വ്യക്തമാക്കുമോ; ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന്വ്യക്തമാക്കുമോ? | (ബി) (സി) & (ഡി) പദ്ധതി വിഭാഗം 2 ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാരിൽ ജലവിഭവ വകുപ്പ് ആവശ്യം പരിശോധിച്ച് ഭൂമി കൈമാറുവാനുള്ള അനുമതിയോടെ തുടർനടപടികൾക്കായി ഫയൽ റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ട്. അനന്തര നടപടികൾ റവന്യൂ വകുപ്പിൽ സ്വീകരിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ